**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2004 — 05.10.2016 -ലെ മറുപടിക്ക്.

**ആർ.എസ്.ബി.വൈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ എസ്. ശർമ്മ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) ആർ.എസ്.ബി.വൈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാർഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ; | (എ) ആർ.എസ്.ബി.വൈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഈ പദ്ധതിയിൽ നിന്നും കെട്ടിട നിർമ്മാണ തൊഴിലാളികളെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) കെട്ടിട നിർമ്മാണ തൊഴിലാളികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

എ) റേഷൻ കാർഡിൽ 600/- രൂപയോ അതിൽ കുറവോ പ്രതിമാസ വരുമാനമുള്ളവർ.

ബി) പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി കുടുംബങ്ങൾ..

സി) താഴെ പറയുന്ന ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപ്പെടുന്ന കുടുംബങ്ങൾ:

1. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്
2. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്
3. കയർ/കൈത്തറി/തയ്യൽ/ബീഡി/ഈറ്റ-പനമ്പ്, കാട്ടുവള്ളി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് ക്ഷേമനിധി ബോർഡ്

ഡി) താഴെപ്പറയുന്ന ക്ഷേമ പദ്ധതികളിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപ്പെടുന്ന കുടുംബങ്ങൾ:

1. അലക്ക്/ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി
2. കൈത്തൊഴിലാളി/വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതി

ഇ) താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്നവർ:

1. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
3. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്

എഫ്) മറ്റ് വിഭാഗങ്ങൾ:

1. ആശ്രയ കുടുംബങ്ങൾ
2. അംഗനവാടിത്തൊഴിലാളികൾ/സഹായികൾ.
3. എൻഡോസൾഫാൻ ദുരിതബാധിതർ
4. ആശ വർക്കേഴ്സ്
5. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 15 ദിവസമെങ്കിലും പണിയെടുത്തവർ
6. ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയം തൊഴിൽ ചെയ്യുന്നവർ
7. കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ
8. വീട്ടുവേലക്കാർ
9. കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ
10. മരം കയറ്റത്തൊഴിലാളികൾ
11. തെരുവ് കച്ചവടക്കാർ
12. കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട കുടുംബങ്ങൾ
13. വികലാംഗർ ഉൾപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾ
14. 2008 ലെ അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് - പെൻഷൻ ഫണ്ട് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർ
15. ടാക്സി ഓട്ടോറിക്ഷ ഡ്രൈവർമാർ

16. സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും വാർദ്ധക്യകാല പെൻഷൻ/വിധവാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല )
17. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല)
18. എച്ച്.ഐ.വി. ബാധിതർ
19. ആക്രി/പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ
20. ശുചീകരണ തൊഴിലാളികൾ
21. പാറമട തൊഴിലാളികൾ
22. റിക്ഷ വലിക്കുന്നവർ

ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം പരമാവധി അഞ്ചു പേർ അടങ്ങുന്ന ഒരു കുടുംബത്തിന് 30,000 രൂപയുടെ സൗജന്യ ചികിത്സാ സഹായം കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട നാന്നൂറോളം സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെ ലഭിക്കുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ചിസ് പ്ലസ് പദ്ധതി പ്രകാരം 70,000 രൂപയുടെ അധിക ചികിത്സാ സഹായം ഹൃദയം, വൃക്ക, കരൾ, ന്യൂറോ സംബന്ധമായ ഗുരുതര ചികിത്സകൾക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ കൂടിയും ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ